## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904** **24-02-2022 - ൽ മറുപടിയ്ക്ക്**

## വന്യമൃഗങ്ങളെകൊണ്ടുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് നിലവിൽ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :- വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. നിലവിൽ 2400 ഓളം കി.മീറ്റർ സൗരോർജ്ജ വേലികളും 500 ൽപരം കി.മീറ്റർ കിടങ്ങുകളും ഉണ്ട്. യഥാസമയം പരിപാലിക്കുകയാണെങ്കിൽ ഇവ ഫലപ്രദമാണ്. അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാ-ബ്ളോക്ക്-ഗ്രാമ പഞ്ചായത്തുകൾ 3.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ജില്ലാ-ബ്ളോക്ക്-ഗ്രാമ പഞ്ചായത്തുകൾ 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി എം.എൽ.എ 1.0 കോടി രൂപയും കൽപ്പറ്റ എം.എൽ.എ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം |

| | | | |
|---|---|---|---|
| | | | രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. കേന്ദ്ര സർക്കാരിൻറെയും സംസ്ഥാന സർക്കാരിൻറെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനങ്ങളിൽ 30,000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ വേളമാനൂർ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പ്രദേശങ്ങളിൽ വന്യമൃഗശല്യം തടയാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ വേളമാനൂർ പ്രദേശം തൊട്ടടുത്ത ഇളമ്പ്രക്കോട് റിസർവ്വിൽ നിന്നും ഉദ്ദേശം 10 കി.മീ. അകലെയും അഞ്ചൽ റെയിഞ്ചിലെ ചിതറ ഫോറസ്റ്റ് ഏര്യയായിൽ നിന്നും 30 കി.മീ. അകലെയുമാണ്. ഈ പ്രദേശത്ത് കാട്ടുപന്നി ശല്യം ഉണ്ടെന്ന പരാതി അഞ്ചൽ റെയിഞ്ച് ഓഫീസർക്ക് |

| | | | |
|---|---|---|---|
| | | | ലഭിച്ചിരുന്നു. ആയതിൻ പ്രകാരം അഞ്ചൽ ആസ്ഥാനമായ ആർ.ആർ.റ്റി. ടീമിനെ പരാതിക്കാസ്പദമായ പ്രദേശങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിരുന്നു. ആർ.ആർ.റ്റിയുടെ പരിശോധനയിൽ ഈ പ്രദേശത്ത് കാട്ടുപന്നികളുടെ സാന്നിദ്ധ്യം ഉള്ളതായി സ്ഥിതീകരിച്ചിരുന്നു. 06.11.2021, 21.11.2021, 27.11.2021, 05.01.2022 എന്നീ തീയതികളിൽ പ്രസ്തുത സ്ഥലങ്ങളിൽ ആ.ആർ.ടി. ടീം, ഈ സ്ഥലവുമായി ഏറ്റവും അടുത്ത് വരുന്ന പ്രദേശങ്ങളിലെ 3 എംപാനൽഡ് ഷൂട്ടർമാരെയും കൂട്ടി പട്രോളിംഗ് നടത്തിയെങ്കിലും പട്രോളിംഗ് വേളയിൽ കാട്ടുപന്നികളെ കണ്ടെത്താത്തത് കൊണ്ട് വെടിവെച്ച് കൊല്ലാൻ കഴിഞ്ഞില്ല. വീണ്ടും പട്രോളിംഗ് ശക്തിപ്പെടുത്തി കാട്ടുപന്നികളെ കാണുന്ന പക്ഷം വെടിവെച്ച് കൊല്ലുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ഈ പ്രദേശത്ത് ജനജാഗ്രതാ സമിതി കൂട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വന്യമൃഗശല്യം കാരണം കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് കൃഷിക്കാർക്ക് നിലവിൽ നഷ്ടപരിഹാരം നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വനം വകുപ്പിൽ നിന്നും 08-01-2015-ലെ സ.ഉ (കൈ)നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ സ.ഉ(കൈ)നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാപ്പെടുന്ന നഷ്ടത്തിൻറെ 100% (ഒരു തവണ പരമാവധി ഒരു ലക്ഷം രൂപ) യാണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷി നാശം ഉണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ട പരിഹാരം ലഭിക്കുന്നതിനായി തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക് മുഖേന ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഭൂമിയുടെ കൈവശരേഖ/ കരം അടച്ച രസീത്, ദേശസാൽകൃത ബാങ്ക് പാസ് ബുക്ക്, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവയും സമർപ്പിക്കേണ്ടതാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിശ്ചിത പ്രീമിയം ഒടുക്കി അംഗമാകുന്ന കർഷകർക്ക് വന്യമൃഗാക്രമണം മൂലം കൃഷിനാശം സംഭവിച്ചാൽ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് നമ്പർ 37/2017/ കൃഷി തീയതി 22/03/2017 പ്രകാരമാണ് സംസ്ഥാന വിള ഇൻഷ്വറൻസ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ള കർഷകർ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ 'AIMS' മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും തുടർന്ന് പരിശോധനയ്ക്കുശേഷം പ്രീമിയം ഒടുക്കുന്നതിന് നിർദ്ദേശം കർഷകർക്ക് നൽകുകയും ചെയ്യുന്നു. അപ്രകാരം തുക ഒടുക്കി പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് പോളിസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അംഗമാകുന്ന കർഷകരുടെ വിളകൾക്ക് വന്യമൃഗാക്രമണത്തിൽ സംഭവിച്ചാൽ 15 ദിവസത്തിനുള്ളിൽ AIMS പോർട്ടൽ മുഖേന നഷ്ടപരിഹാരത്തിന് അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഫീൽഡുതല പരിശോധനകൾക്കുശേഷം അർഹമായ നഷ്ട പരിഹാര തുക അംഗീകരിക്കുകയും ആയത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ